**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6008 04/07/2019-ൽ മറുപടിയ്ക്ക്

**പൊതുവിദ്യാഭ്യാസ മേഖലയിൽ പുതിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ബാബു** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| പൊതുവിദ്യാഭ്യാസ മേഖലയിൽ ഈ അദ്ധ്യയനവർഷം നടത്താൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | സ്കൂൾ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി സമഗ്ര പാഠ്യപദ്ധതി പരിഷ്കരണത്തിന് സഹായകമായ 'പാഠ്യപദ്ധതി ചട്ടക്കൂട്' തയ്യാറാക്കുന്നതാണ്. ഡിജിറ്റൽ വിഭവങ്ങളുടെ ദൗർബല്യം പരിഹരിക്കുന്നതിന് 'ദീക്ഷ' പോർട്ടലിലൂടെയും, 'സമഗ്ര' പോർട്ടലിലൂടെയും ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കുന്നതാണ്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്കായി ഇൻഡക്ഷൻ ട്രെയിനിംഗ്, നിലവിലുള്ള അദ്ധ്യാപകർക്ക് 14 ദിവസത്തെ റസിഡൻഷ്യൽ ട്രെയിനിംഗ്, വിവിധ പരിശീലന രീതികൾ സമന്വയിപ്പിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് കോഴ്സും നടപ്പിലാക്കുന്നതാണ്.<br>അതോടൊപ്പം ഹയർ സെക്കന്ററി മേഖലയിൽ ടീച്ചേഴ്സ് കോൺഗ്രസ്, സ്മൈൽ (സ്കിൽ മെന്റർഷിപ്പ് ഫോർ ഇനോവേറ്റീവ് ലൈഫ് എക്സ്പീരിയൻസ്)എന്നീ പദ്ധതികളും വിഭാവനം ചെയ്യുന്നു. 35 സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത പാഠ്യപദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br>സംഗീതം, നൃത്തം, ചിത്രകല തുടങ്ങിയ മേഖലകളിൽ പ്രതിഭാധനരായ കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് മികച്ച സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെയുള്ള പദ്ധതി, മൂന്ന് ഭാഷയിലും പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, ഭൂമിശാസ്ത്ര ലാബുകൾ സ്ഥാപിക്കുക, ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികളിലെ ഗണിതശേഷി വർദ്ധിപ്പിക്കുന്നതിനുള്ള 'ഉല്ലാസഗണിതം' പദ്ധതി, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് |

ശാസ്ത്ര, സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ പ്രാവീണ്യം നേടുവാൻ ആവശ്യമായ പദ്ധതികൾ എന്നിവയും 2019-20 അധ്യയന വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

കൂടാതെ, 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലേയ്ക്ക് ഹൈടെക് സ്കൂൾ ലാബ് പദ്ധതിയുള്ള ഉപകരണ വിതരണവും, ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനം ഹയർ സെക്കന്ററി തലത്തിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

കുടുംബശ്രീയിലെ പത്താംതരം വിജയിക്കാത്ത മുഴുവൻ വനിതകളെയും പത്താംതരം തുല്യതാവിദ്യാഭ്യാസം നേടിയെടുക്കുന്നതിനുള്ള 'സമ' പദ്ധതി, മലയാളം ഡിപ്ലോമ കോഴ്സ് എന്നീ പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

Reena

സെക്ഷൻ ഓഫീസർ